നം. സി പി (3)30186/2014 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി:28.03.2015

# സർക്കുലർ നമ്പർ 17/2015

വിഷയം : സഹകരണ വകുപ്പ് – പ്രാഥമിക വായ്പാ സഹകരണ ബാങ്ക്/ സംഘങ്ങളിലെ ജീവനക്കാരുടെ ഭവനനിർമ്മാണ വായ്പാ പരിധി ഉയർത്തുന്നത് സംബന്ധിച്ച്

പരാമർശം :1. 30.12.2009 ലെ സ.ഉ (സാധാ)710/09/സഹ നമ്പർ സർക്കാർ ഉത്തരവ്
2. സഹകരണ സംഘം രജിസ്ട്രാറുടെ 12.02.2010 ലെ 8/2010 നമ്പർ സർക്കുലർ
3. 07.02.2011ലെ സ.ഉ (സാധാ)75/11/സഹ നമ്പർ സർക്കാർ ഉത്തരവ്
4. സഹകരണ സംഘം രജിസ്ട്രാറുടെ 12.02.2010 ലെ 8/2010 നമ്പർ സർക്കുലർ
5. 25.02.2015 ലെ സ.ഉ (കൈ)നം33/2015/സഹ നമ്പർ സർക്കാർ ഉത്തരവ്

പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ഭവന വായ്പാ പരിധി 3.50 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായും ഓവർഡ്രാഫ്റ്റ് പരിധി 1 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു കൊണ്ട് പരാമർശം (1) പുറപ്പെടുവിച്ച ഉത്തരവിനു വിധേയമായി പരാമർശം(2) പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ബന്ധപ്പെട്ട ബാങ്ക്/ സംഘം കാലാകാലങ്ങളിൽ നിക്ഷേപങ്ങൾക്ക് നൽകുന്ന ഏറ്റവും ഉയർന്ന പലിശ നിരക്ക് ജീവനക്കാരുടെ ഭവനവായ്പയ്ക്കും ഓവർഡ്രാഫ്റ്റിനും ഈടാക്കേണ്ടതാണെന്ന പരാമർശം (3) പ്രകാരമുള്ള ഭേദഗതി ഉത്തരവിന് വിധേയമായി പരാമർശം (4) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

വായ്പാ ആവശ്യക്കാരുടെ വർദ്ധനയും കെട്ടിടനിർമ്മാണച്ചെലവിലെ വർദ്ധനവും കണക്കിലെടുത്ത് ഭവനവായ്പാ പരിധി ഉയർത്തണമെന്ന സർവീസ് സംഘടനകളുടെ ആവശ്യത്തിന്മേൽ സഹകരണ സംഘം രജിസ്ട്രാർ നൽകിയ ശുപാർശ സർക്കാർ പരിശോധിക്കുകയും സഹകരണ സംഘം ജീവനക്കാരുടെ ഭവന വായ്പയുടെ പരിധി സ്വന്തം ഫണ്ടിന്റെ 15%എന്ന പരിധിക്ക് വിധേയമായി 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി ഉയർത്തിക്കൊണ്ടും ഓവർഡ്രാഫ്റ്റ് പരിധി 1 ലക്ഷം രൂപയായി തന്നെ നിജപ്പെടുത്തിക്കൊണ്ടും ടി വായ്പയുടെ പലിശ നിരക്ക് വായ്പയെടുക്കുന്ന കാലയളവിൽ ബാങ്ക്/ സംഘം നിക്ഷേപങ്ങൾക്ക് നൽകുന്ന ഏറ്റവും കൂടിയ പലിശ നിരക്കായി നിജപ്പെടുത്തിയും പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ഭവന വായ്പയുടെ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടിയോ 10 ലക്ഷം രൂപയോ ഏതാണോ കുറവ് പ്രസ്തുത തുകയായി പുതുക്കി നിശ്ചയിച്ചിരിക്കുന്നു
2. ഒരു സംഘത്തിൽ, ജീവനക്കാർക്ക് നൽകാവുന്ന ഭവനവായ്പയുടെ പരിധി, സ്വന്തം ഫണ്ടിന്റെ 15% ൽ അധികരിക്കരുത്.
3. ജീവനക്കാർക്ക് അനുവദിക്കാവുന്ന ഓവർഡ്രാഫ്റ്റ് പരിധി 1 ലക്ഷം രൂപയായി തന്നെ നിജപ്പെടുത്തിയിരിക്കുന്നു.
4. വർദ്ധിപ്പിച്ച നിരക്കിലുള്ള ഭവനവായ്പയ്ക്ക് ജീവനക്കാരനിൽ നിന്നും ഈടാക്കുന്ന പലിശ വായ്പയെടുക്കുന്ന കാലയളവിൽ ബാങ്ക് / സംഘം നിക്ഷേപങ്ങൾക്ക് നൽകുന്ന ഏറ്റവും കൂടിയ പലിശനിരക്കായിരിക്കും.

ജീവനക്കാർക്ക് ഭവനനിർമ്മാണ വായ്പയും ഓവർഡ്രാഫ്റ്റും അനുവദിക്കുന്നതിനാവശ്യമായ സബ് റൂൾ തയ്യാറാക്കി / നിലവിലുള്ള റൂളിൽ ആവശ്യമായ ഭേദഗതികൾ പരുത്തി അതാത് ജോയിന്റ് രജിസ്ട്രാർമാരുടെ അംഗീകാരത്തോട് കൂടി നടപ്പിൽ വരുത്തേണ്ടതാണ്. മേൽ പ്രകാരമുള്ള മാറ്റങ്ങൾ ഒഴികെ മറ്റെല്ലാ നിബന്ധനകളും നിലവിലുള്ള സർക്കുലർ പ്രകാരം തുടരുന്നതാണ്.

ഒപ്പ്

എസ്.ലളിതാംബിക ഐ.എ.എസ്

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1.ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2.എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)

3.എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും

4.എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും

5.എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് ഡയറക്ടർമാർക്കും

6.ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും

7.എഡിറ്റർ, സഹകരണ വീഥി

8.വെബ് സൈറ്റ്

9.സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്

10 സ്റ്റോക്ക് ഫയൽ/ സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി പി)